# നഗരത്തിൽ സ്വകാര്യ ബസ് സ്റ്റോപ്പുകളിൽ മാറ്റം

## ● പുനഃക്രമീകരണം ഇന്ന് മുതൽ പ്രാബല്യത്തിൽ

തൃശൂർ ● നഗരത്തിൽ സ്വരാജ് റൗണ്ടിൽ സ്വകാര്യ ബസ് സ്റ്റോപ്പുകൾ പുനഃക്രമീകരണം നടത്താൻ തീരുമാനം. പുതിയ പരിഷ്കരണം ഇന്ന് പ്രാബല്യത്തിൽ വരും.

അസിസ്റ്റന്റ് പൊലീസ് കമ്മിഷണറുടെ അധ്യക്ഷതയിൽ ജില്ലാ ബസ് ഓണേഴ്സ് അസോസിയേഷൻ ഭാരവാഹികളും പൊലീസും ചേർന്ന് നടത്തിയ ചർച്ചയിലാണ് പരിഷ്കാരത്തിനു രൂപം നൽകിയത്.

സ്വരാജ് റൗണ്ടിൽ പ്രവേശിക്കുന്ന സ്വകാര്യ ബസുകൾ ഇന്നു മുതൽ താഴെ പറയും വിധം സർവീസ് നടത്തണം.

1. കാഞ്ഞാണി, വാടാനപ്പള്ളി, ചാവക്കാട്, അന്തിക്കാട്, തൃപ്രയാർ മേഖലയിൽ നിന്നും എംജി റോഡ് വഴി വരുന്ന ഓർഡിനറി ബസുകൾക്ക് നടുവിലാലിലും ബിനി ജംക്‌ഷനിലും എംഒ റോഡിലും മാത്രമാണ് സ്റ്റോപ് അനുവദിച്ചിട്ടുള്ളത്.

2. വലക്കാവ്, പുത്തൂർ, പീച്ചി, മണ്ണുത്തി മേഖലയിൽ നിന്നും സെന്റ് തോമസ് കോളജ് വഴി വരുന്ന ഓർഡിനറി ബസുകൾക്ക് ജില്ലാ ആശുപത്രി ജംക്‌ഷനിലും പട്ടാളം റോഡിലും മാത്രമാണ് സ്റ്റോപ് അനുവദിച്ചിട്ടുള്ളത്.

3. കുന്നംകുളം, ഗുരുവായൂർ, കോഴിക്കോട്, പറപ്പൂർ മേഖലകളിൽ നിന്നും സ്വരാജ് റൗണ്ടിൽ പ്രവേശിക്കുന്ന ബസുകൾക്ക് സപ്ന തിയറ്റർ സ്റ്റോപ്പിലും പട്ടാളം റോഡിലും മാത്രമാണ് സ്റ്റോപ് അനുവദിച്ചിട്ടുള്ളത്.

4. മറ്റു ദീർഘദൂര സർവീസുകൾ (പാലക്കാട്, ഗോവിന്ദാപുരം, കൊഴിഞ്ഞാമ്പാറ) പഴയ പോലെ തന്നെ സർവീസ് നടത്തേണ്ടതാണ്.